**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2542** **04-03-2025 - ൽ മറുപടിയ്ക്ക്**

**കളിമൺ-ഓട്ടുകമ്പനി വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പ്രധാന പരമ്പരാഗത കളിമൺ-ഓട്ടുകമ്പനി വ്യവസായങ്ങൾ തകർച്ചയുടെ വക്കിലാണെന്നും ധാരാളം പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നതെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഗ്രാമീണമേഖലയിലെ ജനങ്ങൾക്ക് തൊഴിൽ നൽകിയിരുന്ന ഓട് വ്യവസായത്തിന് അസംസ്കൃത വസ്തുവായ കളിമണ്ണ് നിയമവിധേയമായി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | കളിമണ്ണ് ഉൾപ്പെടെ എല്ലാവിധ ഖനനപ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതിയോടുകൂടിയുള്ള ഖനന പെർമിറ്റ് സമ്പാദിക്കണം എന്ന വ്യവസ്ഥയുണ്ടെങ്കിൽ കൂടി പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് പ്രതിവർഷം 50 മെട്രിക് ടൺ കളിമണ്ണ് റോയൽറ്റി ഒടുക്കാതെ തന്നെ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ ട്രാൻസിറ്റ് പാസ്സ് അനുവദിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടുന്ന ഇനത്തിൽ നിന്നും കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും പ്രസ്തുത ഇളവ് നൽകിയിട്ടുള്ളതാണ്. പരമ്പരാഗത മൺപാത്ര തൊഴിലാളിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയാൽ പുരയിടം ഇനത്തിൽപ്പെട്ട ഭൂമിയിൽ ഭൂവുടമയുടെ സമ്മതപത്രത്തോടെ, പ്രതിവർഷം 50 മെട്രിക് ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് നിലവിൽ അനുമതി നൽകി വരുന്നു. എന്നാൽ വ്യാവസായിക അടിസ്ഥാനത്തിൽ ഓട് / ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ചെളി ഖനനം ചെയ്യുന്നതിനു ദീപക് കുമാർ കേസിലെ (ദീപക് കുമാർ Vs സ്റ്റേറ്റ് ഓഫ് ഹരിയാന) ബഹു. സുപ്രീംകോടതിയുടെ വിധിന്യായത്തിനു ശേഷം മുൻകൂർ പാരിസ്ഥിതികാനുമതിയോടുകൂടിയുള്ള ക്വാറിയിങ് പെർമിറ്റ് സമ്പാദിക്കേണ്ടതുണ്ട്. |
| (സി) | സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടുന്ന മണ്ണെടുത്ത് പ്രസ്തുത വ്യവസായങ്ങൾക്ക് | (സി) | സംസ്ഥാനത്തെ അണക്കെട്ടുകളുടെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ ടേൺ കീ വ്യവസ്ഥയിലാണ് |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിനും നിയന്ത്രണ വിധേയമായി മണ്ണ് ഖനനം ചെയ്തെടുക്കുന്നതിനും എടുത്ത് സൂക്ഷിച്ച മണ്ണ് നീക്കം ചെയ്യുന്നതിനും ഉൾപ്പടെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | നടപ്പിലാക്കി വരുന്നത്. ഡീസിൽറ്റേഷനിലൂടെ ലഭിക്കുന്ന വസ്തുക്കളുടെ വില്പന/ നീക്കം ചെയ്യൽ എന്നിവ ഡാം ഡീസിൽട്ടേഷൻ വർക്കിന്റെ കരാർ ഏറ്റെടുക്കുന്ന ഏജൻസികളാണ് ചെയ്യുന്നത്..മേൽ ഏജൻസികളിൽ നിന്നും ഡീസിൽട്ടേഷൻ വഴി ലഭിക്കുന്ന മണ്ണ് ഓട്ടുവ്യവസായത്തിന് അനുയോജ്യമാണെങ്കിൽ ലഭിക്കുന്നതിന് മറ്റു തടസ്സമില്ല. |

സെക്ഷൻ ഓഫീസർ